പാഠം 6

# ഇത്ര ശ്രേഷ്ഠജാതി ഏതുള്ളൂ?

## ശബ്ബത്ത് സായാഹ്നം

**ഈയാഴ്ചയിലെ പഠനത്തിന്: ആവ. 4:1–9; മത്തായി 15:1–9; സംഖ്യാ. 25:1–15; 1 കൊരി. 10:13; ആവ. 4:32–35; മത്തായി 5:13–16.**

**മനഃപാഠവാക്യം: "ഞാൻ ഇന്നു നിങ്ങളുടെ മുമ്പിൽ വെക്കുന്ന ഈ സകല ന്യായ പ്രമാണവുംപോലെ ഇത്ര നീതിയുള്ള ചട്ടങ്ങളും വിധികളും ഉള്ള ശ്രേഷ്ഠജാതി ഏതുള്ളൂ?" (ആവ. 4:8).**

ആവർത്തനം ആദ്യമൂന്ന് അദ്ധ്യായങ്ങൾ അടിസ്ഥാനമാക്കി ആ സമയംവരെ അവർ എന്തായിരുന്നു എന്ന് ജനത്തെ ഓർമ്മിപ്പിക്കുന്ന ഒരു ചരിത്രപാഠമാണ്. നാലാമദ്ധ്യായത്തിലേക്കു നാം എത്തുമ്പോഴേക്കും ഈ ചരിത്രപാഠം ഒരു പ്രസംഗരൂപത്തിലേക്കു നീങ്ങുന്നു. സംഭവങ്ങളുടെ ആവർത്തനം വെറുതെ ചരിത്രതാല്പര്യം ഉണർത്തുന്നതിനുവേണ്ടിയായിരുന്നില്ല; അതിനുപകരം ജനത്തിനിടയിൽ പ്രവർത്തിക്കുന്ന ശക്തിയും ദൈവകൃപയും കാണിച്ചുകൊണ്ട് ഒരു ഉദ്ദേശ്യം നിറവേറ്റുകയും, അവർ താറുമാറാക്കിയെങ്കിലും, അവരോടുള്ള അവന്റെ ഉടമ്പടിയെ അവൻ അപ്പോഴും മാനിക്കുവാൻ പോകുകയായിരുന്നു.

"ഇപ്പോൾ" അഥവാ "അതുകൊണ്ട് ഇപ്പോൾ" എന്ന് പരിഭാഷപ്പെടുത്തുവാൻ കഴിയാമാകുന്ന വി 'അറ്റാഹ് (we 'attah) എന്ന എബ്രായപദത്തോടുകൂടിയാണ് (ഒരു സമുച്ചയപദവും ഒരു ക്രിയാവിശേഷപദവും) നാലാമദ്ധ്യായം ആരംഭിക്കുന്നത്. ഈ സ്ഥലംവരെ അവരെ കൊണ്ടുവരുന്നതിന് ദൈവം ചെയ്തതിന്റെ ഒരു ഓർമ്മപുതുക്കലായ അവരുടെ സമീപകാല ചരിത്രം അവർ അപ്പോൾ പുനരവലോകനം ചെയ്തതേയുള്ളൂ – അങ്ങനെ അഥവാ "അതുകൊണ്ട് ഇപ്പോൾ" മറുപടിയായി അവർ ചെയ്യണമെന്ന് ദൈവം അവരോട് ആവശ്യപ്പെടുന്നത് അവർ ചെയ്യണം (ആവ. 10:12 കൂടെ കാണുക).

അതുകൊണ്ടുതന്നെ "അതുകൊണ്ട് ഇപ്പോൾ" എന്നതിനുശേഷം പ്രത്യക്ഷപ്പെടുന്ന ആദ്യത്തെ ക്രിയാപദം "ഷാമാ" (shama) എന്നതാണ്. അതേ ക്രിയാപദം (അതേ രൂപത്തിൽ) ഷേമാ പ്രാർത്ഥനയുടെ ആരംഭത്തിൽ ഉപയോഗിച്ചിരിക്കുന്നതുപോലെ, അത് അർത്ഥമാക്കുന്നത് "കേൾക്ക" അല്ലെങ്കിൽ "ശ്രദ്ധിക്കുക" അല്ലെങ്കിൽ "അനുസരിക്കുക" – ഇത് ആവർത്തനപുസ്തകത്തിലുടനീളം ആവർത്തിച്ചിരിക്കുന്ന ഒരു ക്രിയാപദമാണ്.

അങ്ങനെ അദ്ധ്യായം ആരംഭിക്കുന്നു: അതുകൊണ്ട് ഇപ്പോൾ യിസ്രായേലേ, ഞാൻ നിനക്കുവേണ്ടി ചെയ്തതുകാരണം, നീ താഴെ പറയുന്നവ അനുസരിക്കണം.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് നവംബർ 6 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യരുത്

**വായിക്കുക: ആവ. 4:1,2. അവന്റെ "വിധികളും ചട്ടങ്ങളും" സംബന്ധിച്ച് ദൈവം അവർക്കു കൊടുത്ത പ്രത്യേക മുന്നറിയിപ്പ് എന്തായിരുന്നു? ഇത് ഉടൻതന്നെ അവർക്കു മുന്നറിയിപ്പുകൊടുക്കുവാൻ തക്കവിധം മതിയായ ഒന്നായിരിക്കുവാൻ കാരണമെന്ത്? (ആവ. 12:32 കൂടെ കാണുക).**

അവന്റെ "വിധികളും ചട്ടങ്ങളും" അനുസരിക്കുന്നതിനും അവയോട് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യരുത് എന്നും ദൈവം അവരോടു കല്പിച്ചു. അത് എന്തു കൊണ്ടു കല്പിച്ചു? എന്നിരിക്കിലും ദൈവത്തിന്റെ കല്പന മാറ്റുന്നതിന് എന്തു കൊണ്ട് മനുഷ്യൻ തുനിഞ്ഞു. തീർച്ചയായും നമുക്കതിന്റെ ഉത്തരമറിയാം. "ദൈവ ത്തിന്റെ കല്പന മാറ്റുന്നതിന് സാത്താൻ സ്വർഗത്തിൽ തുടങ്ങിവച്ച വേല പിൻതു ടരുകയും തന്റെ പ്രയത്നം അക്ഷീണം തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ കല്പന കുറവുള്ളതാണെന്നും അതിനു തിരുത്തൽ ആവശ്യമാ ണെന്നും സാത്താൻ സ്വർഗ്ഗത്തിൽ അവതരിപ്പിച്ച സിദ്ധാന്തം ലോകത്തെ വിശ്വസി പ്പിക്കുന്നതിൽ അവൻ വിജയിച്ചു. ക്രിസ്തീയ സഭകളെന്ന് അവകാശപ്പെടുന്നതിൽ ഒരു വലിയ പങ്കും അവരുടെ മനോഭാവത്തിലൂടെ, അവരുടെ വാക്കുകളിലൂടെയെ ങ്കിലും അതേ തെറ്റ് സ്വീകരിച്ചിരിക്കുന്നു എന്നു കാണിക്കുന്നു." – Ellen G. White, Selected Messages, Book 2, p.107.

കല്പനയിലെ ചില ചട്ടങ്ങൾ അവഗണിച്ചതുകൊണ്ടു മാത്രമല്ല, എന്നാൽ എല്ലാ പ്രായോഗിക ആവശ്യങ്ങൾക്കും കല്പനയിൽനിന്ന് എടുത്തുമാറ്റുകയും പ്രത്യേകിച്ച് കല്പനയിൽ കൊടുത്തിട്ടില്ലായിരുന്ന ആചാരങ്ങൾ കൊണ്ടുവന്നതിന്റെ അർത്ഥ ത്തിൽ കൂട്ടിച്ചേർക്കുകയും ചെയ്തതുകാരണം അവർ പലവഴികളിൽ പ്രശ്നത്തിൽ വീണുപോകുകയും വാസ്തവത്തിൽ, ആത്യന്തികമായി അതിന്റെ ലംഘനത്തിലേക്കു നയിക്കപ്പെടുകയും ചെയ്തു എന്ന് പൗരാണിക യിസ്രായേലിന്റെ ചരിത്രം പഠിക്കു മ്പോൾ കാണുന്നു.

**വായിക്കുക: മത്തായി 15:1–9. മറ്റൊരു പശ്ചാത്തലത്തിലാണെങ്കിലും മോശെ യിസ്രായേൽ മക്കൾക്ക് അങ്ങുമിങ്ങും മുന്നറിയിപ്പുകൊടുത്ത തത്വത്തിനൊരു ഉദാ ഹരണം നാം ഇവിടെ എങ്ങനെ കാണുന്നു?**

ആത്യന്തികമായി, എബ്രായർക്ക് വാഗ്ദത്തം ചെയ്യപ്പെട്ട ദേശം ലഭിച്ചപ്പോൾ, അങ്ങുമിങ്ങും അവർക്കു നേരിട്ടു ലഭിച്ച മുന്നറിയിപ്പുകളെ അവർ മറന്നുകളഞ്ഞു. അതിനൊരു ഉദാഹരണമാണ് വിഗ്രഹാരാധന. തത്ഫലമായി, ചിലപ്പോഴൊക്കെ യഹോവയുടെ നാമത്തിലുള്ള അവരുടെ സാങ്കല്പിക ആരാധനയുടെ ഭാഗമായിട്ടു പോലും അവർ പല ജാതീയ ആചാരങ്ങളും പിൻപറ്റി. എന്നിരുന്നാലും, യേശു വിന്റെ കാലം വന്നപ്പോൾ, "നിങ്ങൾ ദൈവകല്പന ദുർബലമാക്കുന്നു" എന്ന് യേശു തന്നെ പറഞ്ഞതുപോലെ, അവർ എല്ലാവിധ മാനുഷ പാരമ്പര്യങ്ങളും കൂട്ടിച്ചേർത്തു. എങ്ങനെയായിരുന്നാലും കൂട്ടിയതായിരുന്നാലും കുറച്ചതായിരുന്നാലും, കല്പന മാറ്റപ്പെട്ടു, ദേശം അതിന്റെ അനന്തരഫലം അനുഭവിച്ചു.

**ചെയ്യുന്നതിന് ദൈവം നമ്മോട് ആവശ്യപ്പെടുന്നതിൽനിന്നും എടുത്തുമാറ്റുകയോ ചേർക്കുകയോ ചെയ്യാതിരിക്കുന്നതിൽ ഏതെല്ലാം വിധത്തിൽ ശ്രദ്ധാലുക്കളാകു വാൻ കഴിയും?**

## ബാൽ – പെയോർ

അവർ അതിൽനിന്നും ആദർശപരവും ആത്മികവുമായ സത്യങ്ങൾ, അവ എന്തു തന്നെയായിരുന്നാലും, പഠിക്കുന്നതിനും കഴിഞ്ഞകാലത്തെ ഓർക്കുന്നതിനും ആവർത്തനം 4:3,4 എന്നീ വാക്യങ്ങളിൽ അവർക്ക് അല്പം അധിക ചരിത്രപാഠങ്ങൾ നല്കപ്പെട്ടിരിക്കുന്നു.

**വായിക്കുക: സംഖ്യാ. 25:1–15. എന്തു സംഭവിച്ചു. എന്ത് ആത്മീയവും പ്രായോഗികവുമായ സത്യങ്ങൾ ഈ വലിയ തോൽവിയിൽനിന്നും ജനം എടുക്കേണ്ടിയിരുന്നു?**

യിസ്രായേല്യർ തങ്ങൾക്കു ചുറ്റുമുള്ള ചില അന്യമതദേശക്കാരെ തുടച്ചുമാറ്റിയ കഥകൾ നമുക്ക് എത്രതന്നെ അരോചകമായി തോന്നിയാലും, തീർച്ചയായും, കല്പനയ്ക്കു പിന്നിലുള്ള ന്യായവാദത്തെ വിശദമാക്കുവാൻ ഈ ചരിത്രരേഖ സഹായിക്കുന്നു. ഏകസത്യദൈവത്തെ അന്യമതക്കാരുടെ മുമ്പിൽ യിസ്രായേൽ സാക്ഷീകരിക്കണമായിരുന്നു. സത്യദൈവാരാധന എന്താണെന്നു കാണിക്കുന്നതിന് അവർ ഒരു മാതൃകയായിരിക്കണമായിരുന്നു. പകരം, അവർക്കുചുറ്റുമുള്ള അജ്ഞാന ദേവന്മാരോടു ചേർന്നുകൊണ്ട് അവർ ലോകത്തിനു മുമ്പിൽ പ്രതിനിധീകരിക്കേണ്ടിയിരുന്ന ദൈവത്തിനെതിരേ മത്സരിച്ചു.

“പരസംഗം ചെയ്യുന്നു” എന്ന പദപ്രയോഗത്തിന് പലപ്പോഴും ഒരു ആത്മീയ അർത്ഥമുണ്ടെങ്കിലും യിസ്രായേൽ അന്യദേവന്മാരുടെയും ആചാരങ്ങളുടെയും പിന്നാലെ പോയി (ഹോശേയ 4:12–14 കാണുക). ഇക്കാര്യത്തിൽ, കുറഞ്ഞത് ആരംഭത്തിലെങ്കിലും അവിടെ ലൈംഗിക പാപം ഉണ്ടായിരുന്നു എന്ന് ഈ ഭാഷ (ശേഷിക്കുന്ന കഥയും) വെളിവാക്കുന്നു. ഇവിടെ വീണ്ടും വശീകരിക്കപ്പെടുവാൻ സംശയമില്ലാതെ, സ്വയം അനുവദിച്ച പുരുഷന്മാരെ വശീകരിക്കുന്നതിന് വിഗ്രഹാരാധികളായ സ്ത്രീകളെ ഉപയോഗിച്ചുകൊണ്ട് മാനവകുലത്തിന്റെ വീഴ്ച ഭവിച്ച പ്രകൃതിയെ സാത്താൻ മുതലെടുത്തു. ശാരീരികമായ വേശ്യാവൃത്തി ആത്മീയ വേശ്യാവൃത്തിയായി അധഃപതിച്ചു. അതിൽ ഉൾപ്പെട്ടിരുന്ന ജനം, ആത്യന്തികമായി ജാതീയ ആരാധനാചാരങ്ങളിൽ ഉൾപ്പെടുകയും, അങ്ങനെ ബാൽ-പെയോരിലേക്കു ചേരുകയും ചെയ്തു. അതായത് അവർ എങ്ങനെയോ ഈ വ്യാജദൈവത്തോടു ചേരുകയും അതിന് ബലി അർപ്പിക്കുകയും ചെയ്തു. അവരെ പഠിപ്പിച്ചതും അവരോടു പറഞ്ഞതുമെല്ലാം ഉണ്ടായിരുന്നെങ്കിൽതന്നെയും വികാരത്തിന്റെയും മോഹത്തിന്റെയും ചൂടിൽ അവയെല്ലാം വലിച്ചെറിയുവാൻ അവർ ഒരുക്കമായിരുന്നു.

ഇതു സംഭവിക്കുവാൻ എളുപ്പത്തിൽ കഴിഞ്ഞു? ശാരീരികമായ ഒന്നാമത്തെ പാപത്തോടുകൂടി അവരുടെ മനസ്സാക്ഷി കഠിനപ്പെടുത്തിയതിലൂടെ അതു പിന്നീടുണ്ടായ ആത്മീയപാപത്തിലേക്കു നയിച്ചു. അതായിരുന്നിരിക്കണം സാത്താന്റെ അന്തിമ ലക്ഷ്യം. ഈ വാക്യമനുസരിച്ച്, ഒരു മനുഷ്യൻ തന്റെ മിദ്യാന്യസ്ത്രീയെ മോശെയുടെയും കൂടാരത്തിനുവെളിയിൽ കരഞ്ഞുകൊണ്ടിരുന്ന ജനത്തിന്റെയും മുമ്പാകെ പാളയത്തിലേക്കുതന്നെ കൊണ്ടുവരത്തക്കവിധം അവരത്ര തരംതാഴ്ന്നുപോയി.

**നമ്മുടെ മനസ്സും ശരീരവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഒന്നിനെ ബാധിക്കുന്നത് അടുത്തതിനെയും ബാധിക്കുന്നു. അനിയന്ത്രണം നമുക്ക് ആത്മീയമായി എങ്ങനെ അപകടത്തിലാകുമെന്നതിനെപ്പറ്റി ഈ കഥയിൽനിന്നും നമുക്ക് എന്തു പഠിക്കുവാൻ കഴിയും?**

## നിന്റെ ദൈവമായ യഹോവയോടു പറ്റിച്ചേരുക

ബാൽ-പെയോരിനോടുള്ള പാപത്തിൽ ആയിരങ്ങൾ മരണപ്പെട്ടു. “ബാൽ-പെയോരിനെ പിന്തുടർന്നവരെ” ഒക്കെയും നശിപ്പിച്ചു. എന്നാൽ അനേകരും ഈ വിശ്വാസത്യാഗത്തെ പിന്തുടർന്നില്ല. അവർ ആരായിരുന്നു?

**“എന്നാൽ നിങ്ങളുടെ ദൈവമായ യഹോവയോടു പറ്റിച്ചേർന്നിരുന്ന നിങ്ങളൊക്കെയും ഇന്നു ജീവനോടിരിക്കുന്നു” (ആവ. 4:4). പാപത്തിൽ വീണവരും വീഴാത്തവരും തമ്മിലുള്ള വ്യത്യാസത്തെ ഈ വാക്യം എങ്ങനെ വിശദീകരിക്കുന്നു? ഇവിടെ പാപവും പരീക്ഷയും, നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ ശക്തിയും സംബന്ധിച്ചുള്ള പ്രധാന സന്ദേശം എന്താണ്?**

ഈ വാക്യത്തിലും ഇതിനുമുമ്പുള്ള വാക്യത്തിലുമുള്ള “ഒക്കെയും” എന്ന വാക്കുകൾ തമ്മിലുള്ള വ്യത്യാസം ശ്രദ്ധിക്കുക. ബാൽ-പെയോരിനെ പിന്തുടർന്നവർ “ഒക്കെയും” നശിപ്പിക്കപ്പെട്ടു. എന്നാൽ യഹോവയോടു പറ്റിച്ചേർന്ന “നിങ്ങളിൽ ഓരോരുത്തരും” ജീവനോടിരിക്കുന്നു. അവിടെ അന്ന് ഒരു ഇടനിലം ഇല്ലായിരുന്നു, ഇപ്പോഴും ഇല്ല. നാം യേശുവിനുവേണ്ടി അല്ലെങ്കിൽ യേശുവിനെതിരെ നിൽക്കുന്നു (മത്തായി 12:30).

“പറ്റിച്ചേർന്നു” എന്നതിനുള്ള എബ്രായപദമായ dbq പലപ്പോഴും ഒരുവനു പുറത്തുള്ള എന്തിനെയെങ്കിലും പറ്റിച്ചേർന്നു നില്ക്കുവാനുള്ള ശക്തമായ സമർപ്പണത്തെ ചൂണ്ടിക്കാണിക്കുന്നു. അതുകൊണ്ട് പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞു ഭാര്യയോട് “പറ്റിച്ചേരും” (ഉല്പത്തി 2:24) എന്ന വാക്യത്തിൽ ഇതേ എബ്രായപദം ഉപയോഗിച്ചിരിക്കുന്നു (രൂത്ത് 1:14 കൂടെ കാണുക). ഇതേ പശ്ചാത്തലത്തിൽ ഇത് ആവർത്തനപുസ്തകത്തിൽ നാലിടത്തുകൂടി പ്രത്യക്ഷപ്പെടുന്നു (ആവ. 10:20; 11:22; 13:4; 30:20), ഓരോന്നിലും ആശയം ഒന്നുതന്നെയായിരുന്നു: അവർ, ജനം അവരുടെ ദൈവത്തോടു പറ്റിച്ചേരണമായിരുന്നു. അതായത്, അവർ അവരെത്തന്നെ അവനു കൊടുക്കുകയും അവനിൽനിന്ന് ശക്തിയും ബലവും ആർജ്ജിക്കുകയും ചെയ്യണമായിരുന്നു. ഇവിടെ ഓർത്തിരിക്കേണ്ട പ്രധാനകാര്യം ജനംതന്നെ ക്രിയയ്ക്കു കീഴടങ്ങിയിരിക്കണം എന്നതാണ്: പറ്റിച്ചേരൽ അവർ ചെയ്യണം. ദൈവത്തോട് പറ്റിച്ചേരേണ്ട തിരഞ്ഞെടുപ്പ് അവർ ഉണ്ടാക്കുകയും പിന്നീട് പാപത്തിൽ വീഴുന്നത് ഒഴിവാക്കുന്നതിന് അവന്റെ ശക്തിയിലും ബലത്തിലും ആശ്രയിക്കുകയും വേണം.

**വായിക്കുക: യൂദാ 24; 1 കൊരി. 10:13. ഇവിടെ പുതിയനിയമത്തിൽ പറയപ്പെട്ടിരിക്കുന്നത് ആവർത്തനം 13:4 ലും കാണപ്പെടുന്നു.**

ദൈവം വിശ്വസ്തനാണ്. നമ്മെ വീഴ്ചയിൽനിന്നും താങ്ങിനിർത്തുവാൻ അവൻ പ്രാപ്തനാണ്. ബൽ-പെയോരിൽ വിശ്വസ്തരായവർ ദൈവത്തോടു പറ്റിച്ചേർന്നു നിന്നതുപോലെ, നാം ബോധപൂർവ്വമുള്ള തിരഞ്ഞെടുപ്പുണ്ടാക്കണം. അങ്ങനെയായാൽ, ഏതുതരത്തിലുള്ള പരീക്ഷ നമ്മെ നേരിട്ടാലും നമുക്കു വിശ്വസ്തരായി നില്ക്കുവാൻ കഴിയുമെന്ന് ഉറപ്പുവരുത്തുവാൻ കഴിയും.

**ദൈവത്തോട് പറ്റിച്ചേരുന്നതിനു പ്രാർത്ഥന, വചനപഠനം, കൂട്ടായ്മ എന്നിങ്ങനെയുള്ളവ നമ്മെ എങ്ങനെ സഹായിക്കുന്നു?**

## ഇത്ര ശ്രേഷ്ഠ ജാതി ഏതുള്ളൂ?

ആവർത്തനപുസ്തകം 4:4 നുശേഷമുള്ള ഏതാനും ചില വാക്യങ്ങൾ തിരുവെഴുത്തുകളിലുള്ളവയിൽവെച്ച് ഏറ്റവും ഗഹനവും മനോഹരവുമാണ് (എബ്രായ ഭാഷ അതിഗംഭീരമാണ്). സാരാംശത്തിൽ, ആവർത്തനത്തിലെ സന്ദേശം ഇവിടെ കണ്ടെത്തുന്നു. മറ്റെല്ലാം തത്സമയവിവരണമാണ് എന്ന് ഒരുവന് വാദിക്കുവാൻ കഴിയും. നിങ്ങൾ ഈ വാക്യങ്ങൾ വായിക്കുമ്പോൾ, ഇന്നും നമുക്കു വിവിധരീതികളിൽ പ്രായോഗികമാക്കത്തക്ക തത്വത്തെക്കുറിച്ചു ചിന്തിക്കുക.

**വായിക്കുക: ആവ. 4:5–9. ദൈവം ഇവിടെ യിസ്രായേലിനോടു ചെയ്തതിനെ അവൻ മോശെയിലൂടെ എന്തുകൊണ്ടു പറഞ്ഞു.**

ഒരു പ്രത്യേക കാരണത്താൽ ഈ ജനം വിളിക്കപ്പെടുകയും തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു എന്ന് അവർ തിരിച്ചറിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു. "ഞാൻ നിന്നെ വലിയൊരു ജാതിയാക്കും" എന്ന് കൽദയരുടെ ദേശത്തുനിന്നും ആദ്യം ദൈവം അബ്രാമിനെ വിളിച്ചതുപോലെതന്നെ അവർ ഒരു "വലിയ" ജാതിതന്നെയാണ് (ഉല്പത്തി 12:2. ഉല്പത്തി 18:18 കൂടെ കാണുക).

അവർ ഒരു അനുഗ്രഹമായിരിക്കും (ഉല്പത്തി 12:2), ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും (ഉല്പത്തി 12:3) എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് അവരെ ഒരു വലിയ ജാതിയാക്കിയത്. ആത്യന്തികമായ അനുഗ്രഹമെന്നത്, അവരുടെ സന്താനപരമ്പരയിലൂടെ മശീഹയായ യേശു വരുമെന്നുള്ളതാണ്, അതുവരെ അവർ ലോകത്തിന്റെ വെളിച്ചമായിരിക്കണമായിരുന്നു. "എന്റെ രക്ഷ ഭൂമിയുടെ അറ്റത്തോളം എത്തേണ്ടതിനു ഞാൻ നിന്നെ ജാതികൾക്കു പ്രകാശമാക്കിവെച്ചുമിരിക്കുന്നു" (യെശ. 49:6). അവരിൽ രക്ഷ കണ്ടെത്തി എന്നല്ല, എന്നാൽ അവരിലൂടെ വെളിപ്പെടുത്തപ്പെടേണ്ടവനും രക്ഷിക്കുവാൻ കഴിയുന്നവനുമായ ഏകസത്യദൈവത്തെ കണ്ടെത്തി എന്നാണ്.

ഈ അഖിലാണ്ഡത്തിന്റെ സ്രഷ്ടാവും സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവുമായവനെ യിസ്രായേൽ ആരാധിക്കുകയും സേവിക്കുകയും ചെയ്തു; ജാതികൾ കല്ലുകളെയും പാറകളെയും മരങ്ങളെയും ഭൂതങ്ങളെയും ആരാധിക്കുകയുമായിരുന്നു (ആവ. 32:17; സങ്കീ. 106:37). എന്തൊരു വിറങ്ങലിച്ച വ്യത്യാസം!

ഈ വാക്യങ്ങളിൽ, യിസ്രായേലിനെ പ്രത്യേക ജനമാക്കിയ രണ്ടു കാര്യങ്ങൾ മോശെ ചൂണ്ടിക്കാണിച്ചു. ഒന്നാമതായി, വിശുദ്ധമന്ദിരത്തിലൂടെ എന്നപോലെ അതുല്യമാംവിധം ദൈവം അവർക്കു സമീപം ഉണ്ടായിരുന്നു. രണ്ടാമതായി, ഈ നിയമങ്ങളിലെല്ലാമുള്ളതുപോലെ "ചട്ടങ്ങളും നീതിയോടെയുള്ള ന്യായവിധികളും" കാരണം.

**വായിക്കുക: ആവ. 4:32–35. അവർക്കു നല്കപ്പെട്ടത് എന്തൊരു പ്രത്യേകവിളിയാണ് എന്ന് അവർ തിരിച്ചറിയുവാൻ ഇടയാക്കിയതെന്ന മറ്റെന്തുകൂടെ ദൈവം അവരോടു പറയുകയായിരുന്നു?**

യിസ്രായേലിന് ഇത്രയധികം കൊടുത്തു എന്നതിൽ ചോദ്യമില്ല. ഇപ്പോൾ അവർ എങ്ങനെ പ്രതികരിക്കണം?

## നിങ്ങളുടെ ജ്ഞാനവും നിങ്ങളുടെ വിവേകവും

നാം കണ്ടതുപോലെ, ആവ. 4:1–9 വരെയുള്ള വേദഭാഗമെന്നത് രാജ്യത്തിന്റെ വെറുമൊരു പ്രത്യേകസ്ഥിതിയുടെ ശക്തിയേറിയ പ്രകടനമായിരുന്നില്ല, എന്നാൽ ഇതിന്റെ സുവിശേഷദൗത്യത്തിന്റെ ഒരു വിളിയുംകൂടിയായിരുന്നു. ഈ വാകൃത്തിലുടനീളം നെയ്യപ്പെട്ടിരിക്കുന്നത് അവർ അനുസരിക്കേണ്ടതും പിൻപറ്റേണ്ടതും ചെയ്യേണ്ടതും അവർ ചെയ്യണമെന്ന് ദൈവം കല്പിച്ചതു ചെയ്യണമെന്നുമുള്ള ആശയമാണ്.

**വീണ്ടും വായിക്കുക: ആവ. 4:6. ഈ ജാതികളുടെ ദൃഷ്ടിയിൽ അവരുടെ "ജ്ഞാനവും വിവേകവും" എന്നതാണ് ദൈവം പ്രത്യേകമായി പറയുന്നത്.**

ഒറ്റനോട്ടത്തിൽ, അവരുടെ വിധികളും ചട്ടങ്ങളും തന്നെയായിരുന്നു ജ്ഞാനത്തിലും വിവേകത്തിലും ഉൾക്കൊണ്ടിരുന്നത് എന്നു തോന്നുന്നു. എന്നാൽ വാക്യം പറയുന്നതതല്ല. ദൈവമവരെ വിധികളും ചട്ടങ്ങളും പഠിപ്പിച്ചിരുന്നു, അതേ; എന്നാലവയെ ആചരിക്കുന്നതിൽനിന്നും അനുസരിക്കുന്നതിൽനിന്നുമായിരുന്നു ജ്ഞാനും വിവേകവും വന്നത്. അവരുടെ അനുസരണം – അതായിരുന്നു അവരുടെ ജ്ഞാനവും വിവേകവും.

ലോകത്തിനുണ്ടായിരിക്കുവാൻ കഴിയുന്നതിൽ ഏറ്റവും അത്ഭുതകരമായ കല്പനകളുടെയും നിയമങ്ങളുടെയും ചട്ടങ്ങളുടെയും വ്യവസ്ഥ യിസ്രായേലിന് ഉണ്ടായിരിക്കാമായിരുന്നു (വാസ്തവത്തിൽ ഉണ്ടായിരുന്നു). എന്നാൽ, അവർ അനുസരിച്ചില്ലെങ്കിൽ ഇതുകൊണ്ടുള്ള നന്മയെന്താണ്? അതിനുപകരം അവരുടെ ജ്ഞാനവും വിവേകവും വന്നത് അവരുടെ ജീവിതത്തിൽ ദൈവത്തിന്റെ ന്യായപ്രമാണത്തിന്റെ യഥാർത്ഥ – സമയ വെളിപ്പെടുത്തലിൽനിന്നുമാണ്. ദൈവമവർക്കു കൊടുത്തിരുന്ന സത്യങ്ങൾക്കൊത്തവിധം അവർ ജീവിക്കണമായിരുന്നു, അതവർക്കു ചെയ്യുവാൻ കഴിയുന്നത് അവനെ അനുസരിക്കുന്നതിലൂടെ മാത്രമാണ്. യിസ്രായേൽ തങ്ങൾക്കു ലഭിച്ച സത്യത്തിനൊത്തവിധം ജീവിച്ചില്ലെങ്കിൽ അവർക്കു ലഭിച്ച എല്ലാ വെളിച്ചവും സത്യവും അവർക്കും അവർക്കുചുറ്റുമുള്ള ജാതികൾക്കും ഒരു നന്മയും ചെയ്യുകയില്ല. അതുകൊണ്ട്, അനുസരിക്കുവാൻ തക്കവിധം അവൻ അവരെ വീണ്ടും വീണ്ടും വിളിച്ചു, കാരണം ചട്ടങ്ങളോടും വിധികളോടുമുള്ള അനുസരണം ചട്ടങ്ങളും വിധികളും അനുസരിക്കുന്നതു തന്നെയല്ല വിഷയമാകുന്നത് എന്നാൽ ലോകത്തിന് ഒരു സാക്ഷ്യമായിരിക്കുന്നതുമാണ്.

"ദൈവകല്പനയോടുള്ള അവരുടെ അനുസരണം ലോകത്തിലെ ജനതകളുടെ മുമ്പിൽ അത്ഭുതകരമായ സമൃദ്ധിയുണ്ടാക്കും. അവർക്കു ജ്ഞാനവും എല്ലാ കൗശലപ്പണിയിലും നിപുണതയും കൊടുക്കുവാൻ കഴിഞ്ഞ ദൈവം തുടർന്നും അവരുടെ ഗുരുവായിരിക്കുകയും അവന്റെ കല്പനകളോടുള്ള അനുസരണത്തെ ഉൽക്കൃഷ്ടവും ഉന്നതവുമാക്കുകയും ചെയ്യും. അനുസരണമുള്ളവരായിരിക്കുകയാണെങ്കിൽ, മറ്റു ജാതികളെ ദുഃഖിതരാക്കിയ രോഗങ്ങളിൽനിന്നും അവരെ കാത്തുസൂക്ഷിക്കുകയും ബുദ്ധിശക്തിയുടെ പ്രഭാവംകൊണ്ട് അനുഗ്രഹിക്കുകയും ചെയ്യും. ദൈവത്തിന്റെ മഹത്വം, തേജസ്സ്, ശക്തി എന്നിവ അവരുടെ സമൃദ്ധിയിൽ വെളിപ്പെടണം. അവർ പുരോഹിതന്മാരുടെയും പ്രഭുക്കന്മാരുടെയും രാജ്യമായിത്തീരണം. ഈ ഭൂമി

യിലെ ശ്രേഷ്ഠജനമായിത്തീരുന്നതിന് ദൈവം അവരെ സൗകര്യങ്ങളുംകൊണ്ട് നിറച്ചു." EGWCOL, p - 288.

**വായിക്കുക: മത്താ. 5:13-16. ഈ വാക്യങ്ങളിൽ പുരാതന യിസ്രായേലിനോടു പറഞ്ഞതിൽനിന്നും പ്രതിഫലിക്കുന്ന എന്താണ് യേശു പറയുന്നത്? പ്രത്യേകിച്ച് സെവന്ത് ഡേ അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ നമുക്കതെങ്ങനെ പ്രായോഗികമാകണം?**

## കൂടുതൽ പഠനത്തിന്:

"സ്വർഗ്ഗത്തിൽ നടന്ന വൻപോരാട്ടത്തിന്റെ ആരംഭം മുതൽതന്നെ ദൈവത്തിന്റെ കല്പനയെ നശിപ്പിക്കുകയെന്നത് സാത്താന്റെ ലക്ഷ്യമായിരുന്നു. ഈ ഒരു ലക്ഷ്യം നേടിയെടുക്കുവാൻവേണ്ടിയായിരുന്നു അവൻ സൃഷ്ടിതാവിനെതിരെ മത്സരം അഴിച്ചുവിട്ടത്. താൻ സ്വർഗ്ഗത്തിൽനിന്ന് പുറംതള്ളപ്പെട്ടെങ്കിലും ഭൂമിയിൽ ഇതേ യുദ്ധം തന്നെ തുടർന്നു. മനുഷ്യരെ വഞ്ചിച്ചുകൊണ്ട് ദൈവകല്പന ലംഘിക്കുന്നതിലേക്ക് അവരെ നയിക്കുക എന്ന ലക്ഷ്യത്തിൽ അവൻ ഉറച്ചുനിന്നു. ദൈവകല്പനയെ മൊത്തമായി തള്ളിക്കളയുന്നതിലൂടെയോ അവയിൽ ഒരെണ്ണം തിരസ്കരിക്കുന്നതിലൂടെയോ ഇതു നേടിയെടുത്താലും അന്തിമഫലം ഒന്നുതന്നെയാണ്. ഒന്ന് ലംഘിക്കുന്നവൻ എല്ലാ നിയമങ്ങളോടും വെറുപ്പുകാണിക്കുന്നു. അവന്റെ സ്വാധീനവും മാതൃകയും ലംഘനത്തിന്റെ വശത്തായിരിക്കുകയും അവൻ സകലതിനും കുറ്റക്കാരനായിത്തീരുകയും ചെയ്യുന്നു" (യാക്കോ. 2:10). E G. W, The Great Cotroversy, p. 582.

ബാൽ–പെയോരിനെ സംബന്ധിച്ച് എലൻ വൈറ്റ് ഇങ്ങനെ പറയുന്നു: "വിലക്കപ്പെട്ട വിഷയത്തെ അവർ സാഹസികമായി ഏറ്റെടുക്കുകയും സാത്താന്റെ കെണിയിൽ പെട്ടുപോകുകയും ചെയ്തു. സംഗീതത്തിലും നൃത്തത്തിലും ആനന്ദം കണ്ടെത്തിയും ജാതീയ പതിവ്രതകളുടെ സൗന്ദര്യത്താൽ വശീകരിക്കപ്പെട്ടും അവർ യഹോവയോടുള്ള ഭയഭക്തി ത്യജിച്ചുകളഞ്ഞു. ഉല്ലാസത്തിലും വിരുന്നിലും ചേർന്ന് മദ്യത്തിൽ മുഴുകി അവരുടെ ഇന്ദ്രിയങ്ങളെ മന്ദീഭവിപ്പിച്ച് സ്വയനിയന്ത്രണത്തിന്റെ അതിരുകളെ തകർത്തുകളഞ്ഞു. അത്യാസക്തിക്കു പൂർണ്ണമായി ചാഞ്ഞു; വിഷയലമ്പടത്വത്താൽ അവരുടെ മനസ്സാക്ഷി മലിനമാകുകയും വിഗ്രഹങ്ങളുടെ മുമ്പിൽ വഴങ്ങുവാൻതക്കവണ്ണം വശീകരിക്കപ്പെടുകയും ചെയ്തു. ജാതീയ അൾത്താരകളിൽ അവർ യാഗങ്ങൾ കഴിക്കുകയും ഏറ്റവും തരംതാഴ്ത്തുന്ന ആചാരങ്ങളിൽ പങ്കെടുക്കുകയും ചെയ്തു." - Ellen G. White, Patriarchs and Prophets, p - 454.

## ചർച്ചാചോദ്യങ്ങൾ

1. പുരാതന യിസ്രായേൽ ആയിരുന്ന ഇടത്ത് സെവന്ത് ഡേ അഡ്വെന്റിസ്റ്റുകാരായ നാം ആയിരിക്കുന്ന വഴികളെക്കുറിച്ച് ചിന്തിക്കുക. ഈ ലോകത്തിനും മറ്റു സഭകൾക്കുപോലും വ്യത്യസ്തമായി നമുക്കു തന്നിരിക്കുന്ന എല്ലാറ്റിനെയും കുറിച്ചു ചിന്തിക്കുക. അങ്ങനെയിരിക്കെ, നമുക്കു നല്കപ്പെട്ടിരിക്കുന്നവയുടെമേലുള്ള നമ്മുടെ പ്രതികരണമെന്താണ്? ലോകത്തിനുമുമ്പിൽ നമ്മുടെ "ജ്ഞാനവും വിവേകവും" നാം എങ്ങനെയാണ് ഉയർത്തിക്കാണിക്കേണ്ടത്?

2. "എന്നാൽ നിങ്ങളുടെ ദൈവമായ യഹോവയോട് പറ്റിച്ചേർന്നിരിക്കുന്ന നിങ്ങളോരോരുത്തരും ഇന്നു ജീവനോടിരിക്കുന്നു." വീണ്ടും "പറ്റിച്ചേരുക" എന്ന ക്രിയാപദത്തിന്റെ ആഖ്യ ജനം എന്നുള്ളതാണ്. ദൈവം നമ്മോടു പറ്റിച്ചേരുകയില്ല, എന്നത് ഒരർത്ഥത്തിൽ അവൻ നമ്മെ അവനോടു ചേരുവാൻ നിർബന്ധിക്കുകയില്ല. പകരം, നമ്മുടെ തിരഞ്ഞെടുപ്പിന്റെ സ്വാതന്ത്ര്യം ഉപയോഗിച്ചുകൊണ്ട് അവനോടു ചേരുവാൻ തിരഞ്ഞെടുക്കണം. ഒരിക്കൽ ആ തിരഞ്ഞെടുപ്പ് ഉണ്ടാക്കിക്കഴിയുമ്പോൾ, നാം എങ്ങനെ അവസാനംവരെ പിൻതുടരുകയും അവനോടു ചേരുകയും ചെയ്യും?

3. ഞായറാഴ്ചത്തെ പഠനഭാഗത്തിന്റെ അവസാനം കൊടുത്തിരിക്കുന്ന ചോദ്യം ചർച്ച ചെയ്യുക. കല്പനയോട് ചേർക്കുകയോ അതിൽനിന്ന് എടുത്തുകളയുകയോ ചെയ്യുക എന്നുപറഞ്ഞാൽ അർത്ഥമാക്കുന്നത് എന്താണ്? ശബ്ബത്തിന്റെ മാറ്റത്തിനുണ്ടായ പരിശ്രമംപോലെ, പ്രകടമായതിനുപുറമെ, അത്ര നിഗൂഢമാംവിധം എന്തു സംഭവിക്കുന്നു എന്നു നാം തിരിച്ചറിയുകപോലും ചെയ്യുകയില്ല.